ഉത്തരം

(എ) ഇല്ല.

(ബി, സി) നഗരസഭാ മേയർമാർക്കും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും പ്രതിമാസം 1500 രൂപയിൽ കവിയരുതെന്ന വ്യവസ്ഥയ്ക്കും മുനിസിപ്പൽ ചെയർമാൻമാർക്ക് പ്രതിമാസം 1000 രൂപയിൽ കവിയരുതെന്ന വ്യവസ്ഥയ്ക്കും വിധേയമായി മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ത്രിവിക്രമൻ നായർ നൽകിയ നിവേദനം

105 [880] ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിൽ പണി കഴിപ്പിച്ച കെട്ടിടത്തിന്റെ നികുതി പൂർണ്ണമായും മുൻകാല പ്രാബല്യത്തോടുകൂടി സ്വീകരിക്കുവാൻ നടപടി കൈക്കൊള്ളണമെന്ന് കാണിച്ച് ശ്രീ. ത്രിവിക്രമൻ നായർ നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) ടി കെട്ടിടത്തിന്റെ നികുതി പൂർണ്ണമായും നാളിതുവരെ സ്വീകരിക്കാതിരുന്ന ഉദ്യോഗസ്ഥനെതിരെ നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ മാതൃകാപരമായ ശിക്ഷണനടപടികൾ കൈക്കൊള്ളുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പരാതിക്കിടയാക്കിയ കെട്ടിടത്തിന്റെ നികുതി പൂർണ്ണമായും മുൻകാല പ്രാബല്യത്തോടുകൂടി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) പരാതിയിൽ വിശദമായ അന്വേഷണം നടത്തിവരുന്നു.

(ബി) ഇല്ല.

(സി) ശ്രീ. ത്രിവിക്രമൻ നായർ ക്രമവിരുദ്ധമായി നിർമ്മിച്ച കെട്ടിടത്തിന്റെ നികുതി കെട്ടിടം ക്രമവൽക്കരിച്ചെങ്കിൽ മാത്രമെ ചട്ടപ്രകാരം ഈടാക്കാൻ സാധിക്കുകയുള്ളൂ. ഈ വിഷയത്തിൽ നഗരസഭാ ഉദ്യോഗസ്ഥർ അനാസ്ഥ കാണിച്ചിട്ടുണ്ടെങ്കിൽ നടപടി കൈക്കൊള്ളാവുന്നതാണ്.

(ഡി) ക്രമവിരുദ്ധമായി നിർമ്മിച്ച കെട്ടിടം ചട്ടപ്രകാരം നഗരസഭ ക്രമവൽക്കരിക്കുന്ന മുറക്ക് മുൻകാലപ്രാബല്യത്തോടെ നികുതി സ്വീകരിക്കുന്നതാണ്.

ലക്ഷ്മി നൽകിയ നിവേദനം

106 [881] ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ പഞ്ചായത്തിൽ കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്നതിനായി ലക്ഷ്മി നൽകിയ അപേക്ഷ ടിയാൾ ജീവിച്ചിരിക്കുമ്പോൾ തന്നെ പരേതയാക്കി നടപടി അവസാനിപ്പിക്കുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) ശിക്ഷണ നടപടി കൈക്കൊണ്ടിട്ടില്ലെങ്കിൽ ആയതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) നടപടി സ്വീകരിച്ചുവരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം

107 [882] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതിവിഹിത ഇനത്തിൽ 2004-2005 വർഷം തൃശ്ശൂർ കോർപ്പറേഷൻ, അന്തിക്കാട്, ചേർപ്പ് എന്നീ ബ്ലോക്കുകൾ, താന്ന്യം, പാഴൂർ, വല്ലച്ചിറ, അവണിശ്ശേരി, പാറളം, ചേർപ്പ് എന്നീ ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്ക് എന്ത് തുകവീതമാണ് ലഭിച്ചത് ;

(ബി) മേൽപ്പറഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതുവരെ അനുവദിച്ച തുക എത്രവീതമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly